## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 6582

09.07.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണം

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും നിയമസഭ അംഗീകരിക്കുകയും ചെയ്ത പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണം ഏതു ഘട്ടത്തിൽ ആണെന്നു വ്യക്തമാക്കുമോ; | : | 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിനു 13.02.2013 തീയ്യതിയിലെ സ.ഉ(പി)നം.78/13/ധന ഉത്തരവു പ്രകാരം സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിക്കുന്ന ഫയൽ നമ്പർ 84270/എഡിഎംഎൻ/സി1/ഫിൻ/13 എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഈ ഫയൽ ഏതു ഉദ്യോഗസ്ഥന്റെ കൈവശം എത്ര നാളായി നടപടി ഇല്ലാതെ തുടരുന്നു എന്നും വെളിപ്പെടുത്തുമോ ; | : | പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട 84270/എഡിഎംഎൻ/സി1/ഫിൻ/13 എന്ന ഫയൽ 01.10.2013-ൽ ആണ് ആരംഭിച്ചത്. ഈ ഫയലിൽ നടപടികൾ തുടർന്നു വരികയാണ്.ഫയൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ചുവരുന്നു. |
| (സി) | ഈ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനെതിരെ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്തെങ്കിലും തടസ്സവാദങ്ങൾ ഫയലിൽ ഉന്നയിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | : | ഈ സ്ഥാപനം തുടങ്ങുന്നതിനുള്ള നിർദ്ദേശം സംസ്ഥാന ആസൂത്രണ ബോർഡ് പരിശോധിച്ചപ്പോൾ സമാന ലക്ഷ്യങ്ങളുള്ള മറ്റു നിരവധി സ്ഥാപനങ്ങൾ ഉള്ളതായും വ്യക്തമായ മാർഗ്ഗരേഖയോ സ്ഥാപനത്തിന്റെ ഘടനയെക്കുറിച്ചുള്ള നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടില്ല എന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിർദ്ദേശം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഡി) | ഉന്നയിച്ചിട്ടില്ലെങ്കിൽ ഈ ഫയൽ സമർപ്പിക്കുവാൻ ഉണ്ടായ കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ | | |

സെക്ഷൻ ഓഫീസർ